**Urgent/ Special attention**

ഭരണഭാഷ - മാതൃഭാഷ

സി6-27600/16

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി.9.9.2016

**പഞ്ചായത്ത് ഡയറക്ടർ**

**എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും /**
**പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർക്കും**

സർ,

വിഷയം : പഞ്ചായത്ത് വകുപ്പ് - കെട്ടിട നിർമ്മാണ ചട്ടങ്ങൾ - അവധി ദിവസങ്ങളിൽ അനധികൃത കെട്ടിട നിർമ്മാണങ്ങൾ തടയുന്നതിന് നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് -

സൂചന: 1. സർക്കാരിന്റെ 7.9.2016 ലെ സ.ഉ(ആർ.റ്റി) നം. 2627/16 തസ്വഭവ നം. കത്ത്.

****

സംസ്ഥാനത്ത് അനധികൃത കെട്ടിട നിർമ്മാണങ്ങൾ കൂടുതലും നടക്കുന്നത് തുടർച്ചയായ അവധി ദിവസങ്ങളിലാണ്. മുൻകാല അനുഭവങ്ങൾ വച്ചു നോക്കുമ്പോൾ ഓണ അവധി കാലത്ത് അനധികൃത കെട്ടിട നിർമ്മാണങ്ങൾ വർദ്ധിക്കാൻ വളരെയേറെ സാദ്ധ്യതയുണ്ട് ഇത് പൂർണ്ണമായും ഒഴിവാക്കുന്നതിനാവശ്യമായ കർശന നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കുന്നതിനും ഇക്കാര്യത്തിൽ നിതാന്ത ജാഗ്രത പുലർത്തുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തി കൊണ്ട് അവധി ദിവസങ്ങളിൽ അനധികൃത നിർമ്മാണം നടക്കുന്നില്ലന്ന് ഉറപ്പു വരുത്തേണ്ട ഉത്തരവാദിത്വം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്കുണ്ടന്ന് പ്രത്യേകം സൂചിപ്പിച്ചുകൊണ്ടും സർക്കാർ സൂചന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. അനധികൃത കെട്ടിട നിർമ്മാണം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട സെക്രട്ടറിമാരിൽ അതിനുള്ള ഉത്തരവാദിത്വം ചുമത്തുന്നതാണ് എന്നും ടി ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ( പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.) സർക്കാർ സൂചന ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുള്ള സ്ക്വാഡിന്റെ പ്രവർത്തനം 2016 ലെ ഓണ അവധി നാളുകളിൽ ജില്ലകളിൽ കാര്യക്ഷമമായി നടത്തുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തണമെന്ന് എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരോടും നിർദ്ദേശിക്കുന്നു. ഗ്രാമപഞ്ചായത്തുകളിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി ജൂനിയർ സൂപ്രണ്ട്, ഹെഡ്ക്ലർക്ക് എന്നിവരുടെയും ഫീൽഡ് ഓഫീസർമാരുടെയും മറ്റ് ജീവനക്കാരുടെയും സേവനം ഇതിനായി വിനിയോഗിക്കാവുന്നതാണ്. ഈ ആവശ്യത്തിനു വേണ്ടി പ്രത്യേകം ഓഫീസ് ഉത്തരവ് എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരും പുറപ്പെടുവിക്കുന്ന കാര്യം പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർമാർ ഉറപ്പാക്കേണ്ടതാണ്.

ഇതു സംബന്ധിച്ച നടപടി റിപ്പോർട്ട് പഞ്ചായത്ത് ജോയിന്റ് ഡയറക്ടറുടെ (വികസനം) പേർക്ക് അയച്ചു തരുന്നതിനും എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

കെ.പി.സാബുക്കുട്ടൻ നായർ
ജോയിന്റ് ഡയറക്ടർ (വികസനം)
അധിക ചുമതല വഹിക്കുന്ന
ഡെപ്യൂട്ടി ചീഫ് രജിസ്ട്രാർ
പഞ്ചായത്ത് ഡയറക്ടർക്കു വേണ്ടി

പകർപ്പ്: എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും

ജെ.എൽ 9/9

By Speed Post/urgent

29952

# കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കെട്ടിടനിർമ്മാണ ചട്ടങ്ങൾ - അവധി ദിവസങ്ങളിൽ അനധികൃത കെട്ടിട നിർമ്മാണങ്ങൾ തടയുന്നതിന് സ്ക്വാഡ് രൂപീകരിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

## തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ്

സ.ഉ.(ആർ.റ്റി)നം.2627/2016/തസ്വഭവ　　　　　　തിരുവനന്തപുരം,തീയതി:07.09.2016

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

പരാമർശം:
1. സർക്കാരിന്റെ 13.07.2006 ലെ 22040/ഇ 1/06/തസ്വഭവ നമ്പർ സർക്കുലർ.
2. ജി.ഒ.(ആർ.റ്റി)നം.2161/06/തസ്വഭവ തീയതി 01.09.2006.
3. സ.ഉ.(ആർ.റ്റി)നം.2229/2009/തസ്വഭവ തീയതി 27.08.2009.

C6
C2
9/10

## <u>ഉത്തരവ്</u>

സംസ്ഥാനത്ത് അനധികൃത കെട്ടിടനിർമ്മാണങ്ങൾ കൂടുതലും നടക്കുന്നത് തുടർച്ചയായ അവധി ദിവസങ്ങളിലാണ്. മുൻകാല അനുഭവങ്ങൾ വച്ചുനോക്കുമ്പോൾ ഇത്തരം അവധി ദിവസങ്ങളിൽ അനധികൃത കെട്ടിടനിർമ്മാണങ്ങൾ വർദ്ധിക്കാൻ വളരെയേറെ സാദ്ധ്യതയുണ്ട്. ഇത് പൂർണ്ണമായും ഒഴിവാക്കുന്നതിനാവശ്യമായ കർശന നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതും ഇക്കാര്യത്തിൽ നിതാന്ത ജാഗ്രത പുലർത്തുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതുമാണ്.

2. അവധി ദിവസങ്ങളിൽ അനധികൃത നിർമ്മാണം നടക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്വം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്കാണെന്ന് പ്രത്യേകം സൂചിപ്പിച്ചുകൊള്ളുന്നു. അനധികൃത കെട്ടിടനിർമ്മാണം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട നഗരസഭ/പഞ്ചായത്ത് സെക്രട്ടറിമാരിൽ അതിനുള്ള ഉത്തരവാദിത്വം ചുമത്തുന്നതാണ്.

3. അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി ഉടനടി നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരടങ്ങിയ ഒരു സ്ക്വാഡ് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഇതിനാൽ രൂപീകരിച്ചുകൊണ്ട് ഉത്തരവാകുന്നു. താഴെ സൂചിപ്പിക്കുന്ന ഉദ്യോഗസ്ഥരാണ് ഈ സ്ക്വാഡിലെ അംഗങ്ങൾ.

### (എ) നഗരസഭകളിലെ സ്ക്വാഡിലെ അംഗങ്ങൾ

1. നഗരസഭാ സെക്രട്ടറി
2. നഗരസഭയിലെ എഞ്ചിനീയർ/കെട്ടിട നിർമ്മാണാനുമതിയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ
3. നഗര ഗ്രാമാസൂത്രണ വകുപ്പിലെ ജില്ലാ ടൗൺ പ്ലാനർ/ഡെപ്യൂട്ടി ടൗൺ പ്ലാനർ
4. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലയുള്ള റീജിയണൽ ജോയിന്റ് ഡയറക്ടർ ഓഫ് മുനിസിപ്പാലിറ്റീസ്

(തുടർച്ച..... 2)

**(ബി) പഞ്ചായത്തുകൾ**

1. പഞ്ചായത്ത് സെക്രട്ടറി
2. പഞ്ചായത്തിലെ എഞ്ചിനീയർ/ഓവർസീയർ/കെട്ടിട നിർമ്മാണാനുമതിയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ
3. നഗര ഗ്രാമാസൂത്രണ വകുപ്പിലെ ജില്ലാ ടൗൺ പ്ലാനർ/ഡെപ്യൂട്ടി ടൗൺ പ്ലാനർ
4. ബന്ധപ്പെട്ട ജില്ലയിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

**സ്ക്വാഡിന്റെ ചുമതലകൾ താഴെ പറയുന്നതായിരിക്കും**

1. അവധി ദിവസങ്ങൾ കെട്ടിട നിർമ്മാണങ്ങൾ അനധികൃതമായി നടത്തുന്നുണ്ടോയെന്ന് കണ്ടുപിടിക്കുവാൻ പരിശോധനകൾ നടത്തുകയും അടിയന്തിരമായി അത്തരം പണികൾ നിർത്തിവെപ്പിക്കുവാൻ നടപടി സ്വീകരിയ്ക്കുകയും ചെയ്യുക.
2. അനധികൃത നിർമ്മാണങ്ങൾ നിർത്തിവെക്കാൻ നോട്ടീസ് നൽകുക.
3. നോട്ടീസ് നൽകിയിട്ടും നിർത്തിവെയ്ക്കാതെ നിർമ്മാണം തുടരുന്ന സാഹചര്യങ്ങളിൽ പോലീസ് സഹായം തേടി നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തി വെയ്പ്പിക്കുക. അതു സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഗവൺമെന്റിനു നൽകുക.
4. അനധികൃത നിർമ്മാണങ്ങളുടെ ഫോട്ടോ ബന്ധപ്പെട്ട ജില്ലാ ടൗൺ പ്ലാനർ ക്യാമറയിൽ പകർത്തേണ്ടതും ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറിയേയും ചീഫ് ടൗൺ പ്ലാനറേയും വിവരം അറിയിക്കേണ്ടതുമാണ്.
5. എല്ലാ ദിവസവും അനധികൃത നിർമ്മാണം നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ചീഫ് ടൗൺ പ്ലാനർ എന്നിവരെ താഴെ കൊടുത്തിരിക്കുന്ന E-mail ID മുഖാന്തിരം അറിയിക്കേണ്ടതാണ്.

E-mail Address : തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറി :
principalsecretarylsgd@gmail.com
ചീഫ് ടൗൺ പ്ലാനർ : ctpkeralam@gmail.co.in

(ഗവർണറുടെ ഉത്തരവിൻപ്രകാരം)
**റ്റി.കെ.ജോസ്**
പ്രിൻസിപ്പൽ സെക്രട്ടറി

എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പോലീസ് സൂപ്രണ്ടുമാർക്കും
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)
റീജിയണൽ ജോയിന്റ് ഡയറക്ടർ, ടൗൺ പ്ലാനിംഗ് ഡിപ്പാർട്ട്മെന്റ് (കൊല്ലം, കൊച്ചി, കോഴിക്കോട്)
ഡയറക്ടർ, അർബൻ അഫേഴ്സ്, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, നഗരസഭ/പഞ്ചായത്ത്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (ഈ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി.)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ